**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4251** **18-07-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി, ഖാദി മേഖലകളിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് വ്യാപനത്തെത്തുടർന്ന് കൈത്തറി, ഖാദി വ്യവസായ മേഖലകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | കോവിഡ് - 19 വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി/ഖാദി മേഖലകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ / അർദ്ധ സർക്കാർ / അധ്യാപകർ / പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 വർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07.12.2020ലെ സി.ഡി. എൻ 2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി / ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11.01.2022ലെ സി. ഡി.എൻ2/1/2022/ പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി / ഖാദി ഉല്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>**<u>കൈത്തറി മേഖല</u>**<br><br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെയും നിലനിൽപ്പിനും വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ അനുവദിച്ച് നൽകിയ 56 റിബേറ്റ് ദിനങ്ങൾക്ക് പുറമെ 2020-2021 സാമ്പത്തിക വർഷം 50 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും 2021-2022 സാമ്പത്തിക വർഷം 6 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും കൂടുതലായി അനുവദിച്ച നൽകി.<br><br>കൂടാതെ കൈത്തറി മേഖലയുടെ പുന:രുജ്ജീവനത്തിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>i)സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി |

ii)പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

iii)പ്രൊഡക്ഷൻ ഇൻസെന്റീവ്- നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും പ്രചോദന പരിപാടി.

iv)നെയ്ത്ത്കാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

v) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജ്ജിൻ മണി വായ്പ

vi)കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ / യുവവീവ് പദ്ധതി

vii)നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി

viii) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

ix)കൈത്തറി സംഘങ്ങളുടെ ആധുനികവ ത്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും

x)പരിശീലന വൈവിധ്യ ശേഷി വികസന പരിപാടി.

**<u>ഖാദി മേഖല</u>**

കോവിഡ് 19 മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട ഖാദി തൊഴിലാളികൾക്ക് മിനിമം വേതന പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച 14 കോടി രൂപ 12,500 തൊഴിലാളികൾക്കായി വിതരണം ചെയ്തു. കൂടാതെ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓരോ ഖാദി തൊഴിലാളിക്കും 2,000/- രൂപ വീതം നൽകി. ഖാദി ക്ഷേമനിധി ബോർഡിൽ നിന്നും ഖാദി തൊഴിലാളികൾക്ക് 1,000/- രൂപ വീതം രണ്ടു പ്രാവശ്യം അനുവദിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയെ അതിജീവിക്കാൻ മാസ്കുകൾ നിർമ്മിച്ച് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയതിലൂടെ 23,000 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുവാനും സാധിച്ചു.

സർക്കാർ ജീവനക്കാരും, അധ്യാപകരും, പൊതുമേഖലാ ജീവനക്കാരും, സഹകരണ വിഭാഗത്തിലെ ജീവനക്കാരും ആഴ്ചയിൽ ഒരു ദിവസം കൈത്തറി / ഖാദി വസ്ത്രം ധരിക്കണമെന്ന സർക്കുലറിന്റെ അടിസ്ഥാനത്തിൽ വിവിധ സംഘടനകളുമായി സഹകരിച്ച് പ്രചാരണം വർദ്ധി

| | | | |
|---|---|---|---|
| | | | പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഖാദി വസ്ത്രം ധരിക്കുന്നത് സംബന്ധിച്ച് ഖാദി സർവ്വേയും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | കൈത്തറി മേഖലയ്ക്ക് കൈത്താങ്ങായിരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി സാർവ്വത്രികമാക്കാൻ നടപടി സ്വീകരിക്കുമോ; ആയതിന്റെ കുടിശിക കൊടുത്ത് തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കൊടുക്കാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയായ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം നിലവിൽ സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർ ത്ഥികൾക്കും എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ നാലാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും സൗജന്യമായി 2 ജോഡി വീതം കൈത്തറി സ്കൂൾ യൂണിഫോം തുണി നൽകി വരുന്നു. പ്രസ്തുത പദ്ധതി കൈത്തറി മേഖലയിൽ നടപ്പിലാക്കിയിട്ട് 6 വർഷം പിന്നിടുകയാണ്. പദ്ധതി സാർ വ്വത്രികമാക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.<br><br>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി നെയ്ത്ത് കൂലിയിനത്തിൽ 2022 ഏപ്രിൽ മാസം വരെയുള്ള കൂലി നെയ്ത്തുകാർക്ക് പൂർണ്ണമായും നൽകിയിട്ടുണ്ട്. തുടർന്നുള്ള 2 മാസത്തെ കൂലി കുടിശ്ശികയായിട്ടുണ്ട്. ഈ ഇനത്തിൽ 9.5 കോടി രൂപ കുടിശ്ശിക നൽകുവാനുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ ഖാദി-കൈത്തറി മേഖലയ്ക്ക് റിബേറ്റ് നൽകുന്നുണ്ടോ; സംസ്ഥാന സർക്കാർ നൽകുന്ന തുകയെത്രയാണെന്ന് വ്യക്തമാക്കാമോ; അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (സി) | **ഖാദി മേഖല**<br><br>കേന്ദ്ര സർക്കാർ ഖാദി മേഖലയ്ക്ക് റിബേറ്റ് നൽകുന്നില്ല. സംസ്ഥാന സർക്കാർ റിബേറ്റ് ഇനത്തിൽ 2022-2023 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഖാദി ഉല്പാദനത്തിന് ആവശ്യമായ പരുത്തി സംസ്കരണത്തിനായി ഒന്നരക്കോടി രൂപയോളം മുതൽ മുടക്കി കണ്ണൂരിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ കേന്ദ്രം നവീകരിച്ചു വരുന്നു. കേന്ദ്ര ഖാദി കമ്മീഷന്റെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഖാദി നൂലിന്റെ അസംസ്കൃത വസ്തുവായ സ്ലൈവർ വാങ്ങി ഖാദി തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്<br><br>**കൈത്തറി മേഖല**<br><br>കേന്ദ്ര സർക്കാർ നിലവിൽ കൈത്തറി മേഖലയ്ക്ക് റിബേറ്റ് നൽകുന്നില്ല. സംസ്ഥാനത്ത് വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% |

| | | | |
|---|---|---|---|
| | | | റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്. 2021-2022 സാമ്പത്തിക വർഷം റിബേറ്റ് ഇനത്തിൽ 10 കോടി രൂപ അനുവദിക്കുകയും ഹാന്റക്സ്, ഹാൻവീവ്, സംസ്ഥാനത്തിന്റെ വിവിധ പ്രാഥമിക കൈത്തറി സംഘ ങ്ങൾ എന്നിവർക്ക് അർഹത നിർണ്ണയിച്ച് പ്രസ്തുത തുക നൽകുകയും ചെയ്തു. 2022-2023 സാമ്പത്തിക വർഷം 10 കോടി രൂപ റിബേറ്റ് ഇനത്തിൽ അനുവദിച്ചതിൽ ഇതു വരെ 76,75,441/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>കൈത്തറി മേഖലയിലെ പ്രധാന അസംസ്കൃത വസ്തുവായ കോട്ടൺ ലഭ്യമാക്കുന്നതിന് കോട്ടൺ ബാങ്ക് രൂപീകരിക്കുന്നതു സംബന്ധിച്ചും നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി) സഹായത്താൽ കോട്ടൺ സംഭരണത്തിനായി ഫണ്ട് ലഭ്യമാ ക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കൈത്തറിക്ക് പകരം വ്യാജ പവർലൂം മിൽ ഉല്പന്നങ്ങൾ വിപണിയിൽ വിൽക്കുന്നത് തടയാൻ സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വ്യാജ കൈത്തറി സംഘങ്ങൾ റിബേറ്റ് തുക തട്ടിയെടുക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംരക്ഷിത കൈത്തറി ഉല്പന്നങ്ങൾ യന്ത്രത്തറിയിൽ ഉല്പാദിപ്പിക്കുന്നതും, വിൽക്കുന്നതും പരിശോധിക്കുവാനും നിയമ നടപടികൾ ഉണ്ടെങ്കിൽ സ്വീകരിക്കുന്നതിനും റിസർവേഷൻ ഓഫ് ആർട്ടിക്കിൾസ് ഓഫ് പ്രോഡക്ട് നിയമം (RAP) പ്രകാരം എൻഫോഴ്സ്മെന്റ് മെഷിനറി നിലവിലുണ്ട്.<br><br>സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന ഉല്പാദനമുള്ള അംഗീകൃത കൈത്തറി സംഘങ്ങൾക്ക് എല്ലാ വർഷവും സർക്കാർ നിശ്ചയിക്കുന്ന റിബേറ്റ് ദിനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് കൈത്തറി റിബേറ്റ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. കൈത്തറി റിബേറ്റിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സമർപ്പിക്കുന്ന അപേക്ഷകളിൽ മാത്രമേ അർഹത നിർണ്ണയിച്ച് ഫണ്ട് നൽകുന്നുള്ളൂ. ഇത് വഴി വ്യാജ കൈത്തറി സംഘങ്ങൾ റിബേറ്റ് തുക തട്ടിയെടുക്കുന്നത് തടയാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ